**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യ വിതരണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിതരണ സംവിധാനം വഴി ഭക്ഷ്യധാന്യ വിതരണ നടപടി കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം വഴി ഭക്ഷ്യധാന്യ വിതരണം കാര്യക്ഷമമായാണ് നടന്ന് വരുന്നത്. 2026 ജനുവരി മാസത്തിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ 95,37,823 റേഷൻ കാർഡുകളാണ് ഉള്ളത്. ഇതിൽ ശരാശരി 82% കാർഡ് ഉടമകളും പ്രതിമാസം റേഷൻ സാധനങ്ങൾ വാങ്ങുന്നുണ്ട്. AAY, PHH വിഭാഗങ്ങളുടെ ശരാശരി വിതരണ ശതമാനം യഥാക്രമം 98%, 95% എന്നിങ്ങനെയാണ്. |
| (ബി) | ഇഷ്ടമുള്ള റേഷൻകടയിൽനിന്നു ഭക്ഷ്യധാന്യം വാങ്ങാനുള്ള പോർട്ടബിലിറ്റി സംവിധാനം കേരളത്തിൽ പൊതുജനങ്ങൾ വലിയ തോതിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉപഭോക്താക്കൾക്ക് താല്പര്യമുള്ള റേഷൻ കടകളിൽ നിന്നും ഭക്ഷ്യധാന്യം വാങ്ങുന്നതിനായി പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തിയത് കേരളത്തിലെ പൊതുജനങ്ങൾക്ക് വളരെ ഗുണകരമായിട്ടുണ്ട്. 2025 ഡിസംബർ മാസത്തിൽ പോർട്ടബിലിറ്റി സംവിധാനം ഉപയോഗപ്പെടുത്തി 27,14,734 റേഷൻ കാർഡ് ഉടമകളും ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ട്. അതായത് ശരാശരി 33% പേർ പോർട്ടബിലിറ്റി സംവിധാനം പ്രതിമാസം ഉപയോഗിക്കുന്നുണ്ട്. |
| (സി) | പോർട്ടബിലിറ്റി വന്നതോടെ റേഷൻവ്യാപാരികളുടെ പ്രവർത്തനം മത്സരാധിഷ്ഠിതമായി മാറിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പോർട്ടബിലിറ്റി സംവിധാനം വന്നതോടെ റേഷൻ വിതരണം മെച്ചപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ മാസത്തെയും റേഷൻ വിതരണത്തിലെ അളവിന്റെ അടിസ്ഥാനത്തിലാണ് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ലഭിക്കുന്നത്. അതിനാൽ റേഷൻ വ്യാപാരികൾ റേഷൻ വിതരണം കാര്യക്ഷമമായി നടത്തുന്നതിന് കൂടുതൽ ശ്രദ്ധ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ